**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60** **02-02-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും, നടപടിക്രമങ്ങൾ ലളിതമാക്കുകയും ജീവനക്കാരുടെ ജോബ് സാറ്റിസ്ഫാക്ഷൻ മെച്ചപ്പെടുത്തുന്നതിനും വേണ്ടി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. G.O(Rt). No.593/2018/TAXES dated 13.08.2018 പ്രകാരം വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദേശം സമർപ്പിക്കാൻ ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി, ജി.എസ്.ടി കൗൺസിലിന്റെ 45-ാമത് യോഗത്തെ തുടർന്നുള്ള ശുപാർശകളും സർവ്വീസ് സംഘടനകളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള മറ്റ് stake holder-ൽ നിന്ന് അഭിപ്രായങ്ങൾ തേടിയതിനു ശേഷം പുതുക്കിയ നിർദ്ദേശം നികുതി വകുപ്പ് കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 55/2022/TAXES തീയതി 02.08.2022, സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 106/2022/ടാക്സസ് തീയതി 29/12/2022 പ്രകാരം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം വകുപ്പിൽ പുനഃസംഘടന നടപ്പിൽ വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ മുൻകാലങ്ങളിൽ നിലനിന്നിരുന്ന നികുതി സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വകുപ്പിനെ പുനഃസംഘടിപ്പിക്കണമെന്ന ആവശ്യം നടപ്പിലാക്കാൻ ആറ് വർഷത്തോളം കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ; | (ബി) | രാജ്യത്ത് ജി.എസ്.ടി നിയമം നിലവിൽ വന്നതിനുശേഷം പുതിയ നികുതി ഘടനയിലേയ്ക്ക് കേരള സംസ്ഥാനവും മാറുകയുണ്ടായി. സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. എന്നാൽ ജി.എസ്.ടി നിയമവും നിരക്കുകളും ചട്ടങ്ങളും സാങ്കേതിക സംവിധാനവും ഇപ്പോഴാണ് ഏകദേശം സ്റ്റെബിലൈസായി വരുന്നത്. കൂടാതെ വാറ്റ് കാലഘട്ടത്തിലുള്ള അസ്സെസ്സ്മെന്റുകളും മറ്റു ജോലികളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ടായിരുന്നു. GST നിയമത്തിനനുസരിച്ച് വകുപ്പിന്റെ പുനഃസംഘടന നടത്തേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ടാണ് വകുപ്പ് പുനഃസംഘടനക്കായിട്ടുള്ള ഉന്നതതല കമ്മിറ്റി 2018 ൽ രൂപീകരിച്ചിട്ടുള്ളത്. GST നിയമത്തിനനുസൃതമായ രീതിയിൽ വകുപ്പിന്റെ ഘടന രൂപീകരണത്തിനും ജീവനക്കാരുടെ വിന്യാസത്തിനും GST നിയമപ്രകാരമുള്ള പുതിയ ചുമതലകൾ GST കൗൺസിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ശുപാർശകൾക്കനുസരിച്ചു നിർവചിക്കുന്നതിനും ദീർഘവും വിശദവും ആയ ചർച്ചകൾ ആവശ്യമായിരുന്നു. മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും, വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ ലളിത മാക്കുന്നതിലേക്കും വേണ്ടി വിഭാവനം ചെയ്തു കൊണ്ടുള്ള സമഗ്രമായ ഒരു പുനഃസംഘടന നിർദേശമാണ് തയ്യാറാക്കിയിട്ടുള്ളത്. വിശദമായ ശുപാർശയുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് സ.ഉ. (എം.എസ്) നം.55/2022/TAXES തീയതി 02.08.2022 പ്രകാരം വകുപ്പിനെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. |
| (സി) | ജി.എസ്.ടി. പുനഃസംഘടന നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസം കാരണം സംസ്ഥാനത്തിന് ഭീമമായ നികുതി നഷ്ടമുണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള പൊതു വില്പന നികുതി നിയമ പ്രകാരമുള്ള ഓഫീസ് ഘടനയാണ് മൂല്യ വർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും വകുപ്പിൽ നിലനിന്നിരുന്നത്. മൂല്യ വർധിത നികുതി നിയമം നിലവിൽ വന്നപ്പോൾ ടി ഘടനയിൽ ചെറിയ വ്യത്യാസ ങ്ങൾ ടി നിയമത്തിനനുസരിച്ചു വരുത്തിക്കൊണ്ടാണ് നികുതിഭരണം നിർവ്വഹിച്ചിരുന്നത്. 01.07.2017ൽ ചരക്കുസേവന നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും |

| | | | |
|---|---|---|---|
| | | | നിലവിലുണ്ടായിരുന്ന ഘടനയിലൂടെയാണ് നികുതി ഭരണം നിർവ്വഹിച്ചിരുന്നത്. എന്നാൽ ഈ ഘടനയിലൂടെ GST നിയമപ്രകാരമുള്ള ജോലികൾ തടസ്സം കൂടാതെ നടപ്പിലാക്കുന്നതിന് വേണ്ടി യുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിരുന്നു.<br><br>GST സംവിധാനം പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. സമഗ്രമായ ഒരു പുനഃ സംഘടന വിഭാവനം ചെയ്തത് GST നിയമം നിലവിൽ വന്നതിനെ തുടർന്നാണ്. നിലവിലുള്ള സംവിധാനങ്ങൾ GST നിയമപ്രകാരം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കാര്യക്ഷമമായി നികുതി നിർവഹണം സാധ്യമാക്കുന്നതിനും വേണ്ടിയാണ് പുനഃസംഘടന നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ